بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 03/10/14

(08 DHUL-HIJJAH 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാതിഹാ ഇവ പാരായണം ചെയ്ത ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

ഇൻശാ അല്ലാഹ് ! 2014 ഒക്ടോബർ 5 ന് നാം ഈദുൽഅദ്ഹ ആഘോഷിക്കുന്നു. ആയതിനാൽ ഇന്നത്തെ എന്റെ പ്രസംഗത്തിൽ ഈദുൽ അദ്ഹായുമായി ബന്ധപ്പെട്ട ഏതാനം പ്രവാചക വചനങ്ങൾ കേൾപ്പിക്കുകയാണ്.

### പ്രഭാതത്തിലും പ്രദോഷത്തിലും

**‘‘നാം പരിശുദ്ധ ഇസ്‌ലാമിൽ ഉണരുന്നു. ലാ ഇലാഹ ഇല്ലല്ലാഹ് എന്നതാണ് നമ്മുടെ കലിമ. മുഹമ്മദ് മുസ്തഫ (സ) യുടെ മതമാണ് നമ്മുടെ മതം. അതോ നമ്മുടെ പിതാവായ ഇബ്രാഹീം (അ) യുടെ മതമാണുതാനും. അദ്ദേഹം പരിശുദ്ധനായ ഒരു മുസ്‌ലീമായിരുന്നു; ഒരിക്കലും അദ്ദേഹം ബഹുദൈവവിശ്വാസികളിൽ പെട്ടവനായിട്ടില്ല.’’**(അഹ്മദ്) മേൽസൂചിത പ്രവാചക വചനം അബ്ദുല്ലാ ഇബ്നു അബ്ദുർറഹ്മാൻ ഇബ്നു അബ്സാ തന്റെ പിതാവിൽ നിന്നും പ്രവാചക പ്രഭു (സ) പ്രഭാതത്തിലും പ്രദോഷത്തിലും ഇപ്രകാരം പറയുമായിരുന്നു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

### തൽബിയത്ത്

**ഹസ്രത് അബ്ദുല്ലാ ഇബ്നു ഉമർ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ‘‘റസൂൽ (സ) ഉച്ചത്തിൽ പറയുമായിരുന്നു.’’അല്ലാഹുവേ ! നിന്റെ വിളിക്ക് ഞാനിതാ ഉത്തരം നല്കിക്കൊള്ളുന്നു. ഞാനിതാ ഉത്തരം നല്കിക്കൊള്ളുന്നു. ഞാനിതാ ഉത്തരം നല്കിക്കൊള്ളുന്നു. നിന്റെ അധികാരാവകാശങ്ങളിൽ നിനക്കൊരു പങ്കുകാരനുമില്ല തന്നെ. അല്ലാഹുവേ ! നിന്റെ വിളിക്ക് ഞാനിതാ ഉത്തരം നല്കിക്കൊള്ളുന്നു. എല്ലാ സ്തുതിയും നിനക്കവകാശപ്പെട്ടതാണ്. എല്ലാ അനുഗ്രഹങ്ങളും ആധിപത്യവും നിന്റെ കയ്യിലാണിരിക്കുന്നത്. അധികാരാവകാശങ്ങളിൽ നിനക്ക് പങ്കുകാരില്ല തന്നെ. എന്നായിരുന്നു തിരുമേനി (സ) യുടെ തൽബിയത്ത്.(ബുഖാരി, അഹ്മദ്)**

### ദുആയുടെ മഹത്വം

ഹസ്രത് ശദ്ദാദ് ഇബ്നു ഔസ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു.  റസൂൽ (സ) തന്റെ പ്രാർത്ഥനയിൽ (സലാത്തിൽ) ഈ ദു ആ പതിവായി ചൊല്ലാറുണ്ടായിരുന്നു. യാ അല്ലാഹ് ! നിന്റെ കല്പനകൾ നിറവേറ്റുന്നതിൽ എനിക്ക് നീ സ്ഥിരത നല്കണമെ ! ശരിയായ പാതയിൽ നീ എന്നെ ഉറപ്പിച്ചു നിർത്തേണമെ ! നല്ല കാര്യങ്ങൾ പ്രവർത്തിക്കുന്നതിനും, ശരിയായ പാത പിന്തുടരുന്നതിനും ദു ആ ഇല്ലാതെ സാധിക്കുകയില്ല എന്നതിന്റെ തെളിവാണ് ഈ പ്രാർത്ഥനകൾ.

### മുഹമ്മദ് (സ) ന്റെ പ്രാർത്ഥന

മുഹമ്മദ് (സ) അങ്ങേയറ്റം ദൃഢതയും സ്ഥിരതയും പ്രകടമാക്കിയ ആളായിരുന്നു. പ്രാർത്ഥനയിലൂടെ അല്ലാഹുവിന്റെ സഹായം നിരന്തരം അർത്ഥിച്ചുകൊണ്ടിരുന്നു. നേർ പാതയിൽ നടത്തുവാൻ ദു ആയിലൂടെ അല്ലാഹുവിനോട് ആവശ്യപ്പെട്ടുകൊണ്ടേയിരുന്നു. നല്ലതും ചീത്തയും തിരിച്ചറിയുവാനുള്ള കഴിവിനായി നിരന്തരം പ്രാർത്ഥിച്ചു.

നിന്റെ അനുഗ്രഹങ്ങളുടെ മേൽ നന്ദിയുള്ളവനായിരിക്കുവാൻ നീ എന്നെ സഹായിക്കേണമെ ! ഏറ്റവും നല്ല നിലയിൽ നിന്നെ ആരാധിക്കുവാൻ എന്നെയവനായിക്കേണമെ ! സത്യം മാത്രം പറയുന്ന ഒരു നാവിന്നായി ഞാൻ നിന്നോട് യാചിക്കുന്നു. ഒരു സുരക്ഷിതഹൃദയത്തിന്നായി ഞാൻ നിന്നോട് യാചിക്കുന്നു. ഹസ്രത് മുഹമ്മദ് (സ) നേക്കാൾ പരിശുദ്ധമായ ഹൃദയം ലഭിച്ച ആരും ഭൂമുഖത്തില്ല. അദ്ദേഹത്തേക്കാൾ സത്യവാനായ മറ്റൊരു മനുഷ്യനും ഭൂമുഖത്തില്ല. അല്ലാഹുവിന്റെ വാക്കുകൾ സത്യമായതു തന്നെയാണ്. അവന്റെ സംസാരം പരിശുദ്ധമായതു തന്നെയാണ്. ഈ കാര്യങ്ങൾ ലഭിക്കുവാൻ ഇതല്ലാതെ മറ്റൊരു വഴിയുമില്ല.

മുഹമ്മദ് (സ) പറഞ്ഞു. നിന്റെ അറിവിൽപ്പെട്ട എല്ലാ തിന്മകളിൽ നിന്നും ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു. നിന്റെ അറിവിൽപ്പെട്ട എല്ലാ നന്മകളും ഞാൻ നിന്നോടു ചോദിക്കുന്നു. നിന്റെ അറിവിൽപ്പെട്ട എല്ലാ പാപങ്ങളിൽ നിന്നുമുള്ള മോചനത്തിന്നായി ഞാൻ നിന്നോടു മാപ്പു ചോദിക്കുന്നു. അദൃശ്യകാര്യങ്ങൾ ഏറ്റവും നന്നായി അറിയുന്നവൻ നീ മാത്രമാണ്.

### രോഗം വരുന്നതിനുമുമ്പ് ചികിത്സ

ജനങ്ങൾ തെറ്റിനെ അഭിമുഖീകരിക്കുമ്പോൾ അതിൽ നിന്നുള്ള മോചനത്തിനായി പ്രവർത്തിക്കാറുണ്ട്. നിരീശ്വരവാദികൾ പോലും ചില സന്ദർഭങ്ങളിൽ തെറ്റിൽ ആപതിക്കുമ്പോൾ മോചനത്തിനായി അല്ലാഹുവിന്റെ പേര് ഉപയോഗിക്കാറുണ്ട്. എന്നാൽ മുഹമ്മദ് (സ) തന്നിലേക്ക് ഒരു തെറ്റ് / തിന്മ എത്തിച്ചേരുന്നതിന് മുൻപ് തന്നെ അതിൽ നിന്നു

ളള മോചനത്തിനായി അല്ലാഹുവിൽ അഭയം പ്രാപിച്ചിരുന്നു. നിങ്ങൾ സുഖ സുഷുപ്തിയിൽ കഴിയുമ്പോൾ തന്നെ നിങ്ങൾക്കറിയുവാൻ കഴിയാത്തതും, നിങ്ങൾക്ക് സംഭവിക്കാൻ സാധ്യതയുള്ളതുമായ ആപത്തുകളിൽ നിന്നുള്ള സംരക്ഷണത്തിനായി അല്ലാഹുവിൽ അഭയം പ്രാപിക്കേണ്ടതാണ്. കാരണം നിങ്ങൾക്കറിയില്ലെങ്കിലും അല്ലാഹുവിന്റെ അറിവിൽപ്പെട്ട കാര്യമാണത്. ആ അറിവ് അല്ലാഹുവിൽ മറഞ്ഞിരിക്കുകയാണ്. എനിക്കറിയാൻ കഴിയാത്തതും നിനക്ക റിയാവുന്നതുമായ എല്ലാ വിപത്തുകളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.

**ജനങ്ങൾ തുടർച്ചയായി തെറ്റുകളും കുറ്റങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. അവ അവർ അറിഞ്ഞുകൊണ്ടായി രിക്കണമെന്നില്ല. കാരണം അത് അവരുടെ അറിവിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ നിന്റെ (അല്ലാഹുവിന്റെ) അറിവിൽപ്പെട്ട എല്ലാ തെറ്റുകുറ്റങ്ങളിൽ നിന്നുമുള്ള മോചനത്തിനായി ഞാൻ നിന്നിൽ അഭയം തേടുന്നു. മുഹമ്മദ് മുസ്തഫ (സ) യുടെ പ്രാർത്ഥന അത്തരത്തിലായിരുന്നു. (സുനനുനസാഈ, മുസ്നദ് അഹ്മദ്)**

സുഫ്യാൻ ഇബ്നു അബ്ദുല്ലാഹ് (റ) വിവരിച്ചിരിക്കുന്നു. ഞാൻ ചോദിച്ചു അല്ലയോ അല്ലാഹുവിന്റെ ദൂതരേ! ഞാൻ ഉറച്ചു സ്ഥിരചിത്തതയോടെ നിൽക്കേണ്ട എന്തെങ്കിലും കാര്യം പറഞ്ഞു തന്നാലും പ്രവാചകർ (സ) മറുപടി യായി പറഞ്ഞു. **പറയുക എന്റെ രക്ഷിതാവ് അല്ലാഹുവാകുന്നു. എന്നിട്ട് നീ അതിൽ ഉറച്ചു നിൽക്കുക. (തിർമിതി) .**

വിശുദ്ധ ഖുർ ആനിലെ താഴെപ്പറയുന്ന വചനത്തിൽ ഇത് സംബന്ധമായി വിവരിച്ചിരിക്കുന്നു. **നിശ്ചയം പറ യുന്നവരുണ്ട്, അല്ലാഹു ഞങ്ങളുടെ രക്ഷിതാവാണ് എന്നിട്ട് അവരതിൽ ഉറച്ച് നിൽക്കുന്നു. (41:31)**

ഒരാളുടെ നാവുകൊണ്ട് രക്ഷിതാവ്, ഉടമസ്ഥൻ എന്നൊക്കെ പറയുവാൻ വളരെ എളുപ്പമുള്ള കാര്യമാണ്. എല്ലാവരും എന്റെ രക്ഷിതാവ്, എന്റെ റബ്ബ് എന്ന് വിളിക്കാറുമുണ്ട്. ഒരു വ്യക്തിയുടെ മേൽ ഒരു പരീക്ഷണം നട ത്തുമ്പോൾ രക്ഷിതാവ് എന്ന് ഉരുവിട്ടതിന്റെ വാക്കിന് ഒരു വിലയുമില്ലാതെയായി തീരുന്നത് നമുക്ക് സാധാരണ കാണുവാൻ കഴിയും. തന്റെ സൃഷ്ടാവിന്റെ, തന്റെ ഉടമസ്ഥന്റെ യഥാർത്ഥ വില അറിയുന്നത് അങ്ങനെയാണ്. അല്ലാഹു (ത) യുടെ മുമ്പിൽ ശിരസ്സു നമിക്കാതെ ഒന്നും നേടുവാൻ സാധിക്കില്ല. എന്ന് ചിന്തിക്കുവാൻ തുടങ്ങുന്നു. ജനങ്ങ ളുടെ മുമ്പിൽ ശിരസ്സ് കുനിച്ചിട്ടു കാര്യമില്ല എന്ന് ചിന്തിക്കുവാൻ തുടങ്ങുന്നു. അല്ലാഹു അവന് മതിയായവനാണ് എന്ന് ചിന്തിക്കുവാൻ ആരംഭിക്കുന്നു. അവസരങ്ങൾ മുഴുവൻ അവന്റെ മുമ്പിൽ തുറക്കപ്പെടുന്നത് അല്ലാഹുവാണ് എന്ന് അവൻ മനസ്സിലാക്കുവാൻ തുടങ്ങുന്നു. ജനങ്ങളേയും അവന്റെ മറ്റു സൃഷ്ടികളെയും അവന്റെ അടുത്തേക്ക് അവനെ സഹായിക്കുവാൻ അല്ലാഹുവാണ് അയക്കുന്നതെന്ന് അവൻ മനസ്സിലാക്കുന്നു. എന്റെ രക്ഷിതാവ് / എന്റെ ഉടമസ്ഥൻ അല്ലാഹുവാകുന്നു എന്ന അവന്റെ പ്രഖ്യാപനം അല്ലാഹുവിന്റെ ദൃഷ്ടിയിലും അവന്റെ കാഴ്ചയിലും അമൂ ല്യമായി തീരണം ; വിശ്വസിക്കത്തക്കതായി തീരണം. നാം മനസ്സിലാക്കേണ്ട ഒരു കാര്യം നാവുകൊണ്ട് പറയുന്നത് കൊണ്ട് മാത്രം കാര്യമില്ല. ഈ പ്രഖ്യാപനത്തിന് ശേഷം അതിൽ സ്ഥിരചിത്തനായി നിലകൊള്ളണം. തന്റെ വഴിയിൽ പരീക്ഷണങ്ങൾ വരികയാണെങ്കിൽ, അതിൽ ഉറച്ച് നിൽക്കുക, തന്റെ പ്രഖ്യാപനത്തിൽ സ്ഥിര ചിത്തത കൈക്കൊള്ളു ക. എന്റെ രക്ഷിതാവ് അല്ലാഹുവാകുന്നു. എന്നതിൽ ഉറച്ച് നിൽക്കുമ്പോൾ തന്റെ പ്രഖ്യാപനം സത്യമായി പുലരുന്നു.

## ബഹുമതി – ഒരു പഠനം

ഹസ്രത് അബൂഉമാമ (റ) വിശദീകരിക്കുന്നു. ഒരാൾ റസൂൽ (സ) നെ സന്ദർശിക്കുവാൻ ചെന്നു, എന്നിട്ട് ചോദിച്ചു അല്ലയോ പ്രവാചകരെ ഒരാൾ ബഹുമതി ലഭിക്കുവാനുള്ള ഉദ്ദേശ്യത്തോടെ യുദ്ധത്തിൽ പങ്കെടുത്താൽ, അയാളെപ്പറ്റി അങ്ങ് എന്താണ് ചിന്തിക്കുന്നത് ? മുഹമ്മദ് (സ) മറുപടിയായി പറഞ്ഞു. അയാൾ ഒന്നും നേടുന്നില്ല. ചോദ്യം ചോദിച്ച ആൾ മൂന്നു പ്രാവശ്യം ചോദ്യം ആവർത്തിച്ചു. പ്രവാചകർ അതേ മറുപടി തന്നെ ആവർത്തിച്ചു. അതിനുശേഷം പ്രവാചകർ (സ) പറഞ്ഞു. അല്ലാഹു (ത) അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാനുള്ള പ്രവൃത്തി കൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. അതായത് നിഷ്കളങ്ക ഹൃദയത്തോടെ ചെയ്യുന്ന പ്രവൃത്തി ഒരുവനെ അല്ലാഹു വിന്റെ സന്തോഷത്തിന് പാത്രമാക്കുന്നു. (സുനനു നസാഈ)

ആയതിനാൽ, ഇന്ന് ഞാൻ നിങ്ങളുടെ മുമ്പാകെ സമർപ്പിച്ച എല്ലാ പ്രവാചക വചനങ്ങളും നിങ്ങളെ അഗാ ധമായി ചിന്തിപ്പിക്കുന്നതാക്കട്ടെ ! ഹസ്രത് ഇബ്രാഹീം (അ) ഉം ഹസ്രത് ഇസ്മായീൻ (അ) ഉം കാണിച്ചു തന്ന അസാ ധാരണമായ സ്ഥിരചിത്തത, ഉറച്ചു നിൽക്കൽ, ക്ഷമ, ഇവ കൈക്കൊള്ളുക. അവർ ഇരുവരുടെയും സന്താനപരമ്പര യിൽപ്പെട്ട പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ സ്ഥിരത നാമും കൈക്കൊള്ളുക. അങ്ങനെ അല്ലാഹു (ത) അദ്ദേഹത്തെ മാനവകുലത്തിന് മുഴുവനും തന്നെ മാതൃക പുരുഷനാക്കി തീർക്കുകയുണ്ടായി.

ഈദുൽ അദഹായുടെ വെളിച്ചത്തിൽ, ഇബ്രാഹീം നബി (അ) ന്റെ സ്ഥിരത, ദൃഢത, സമർപ്പണം എന്നിവ പഠന വിധേയമാക്കുമ്പോൾ, അല്ലാഹു എന്തുകൊണ്ടാണ് അദ്ദേഹത്തെ തന്റെ അടുത്ത സുഹൃത്തായി തെരഞ്ഞെടു ത്തതെന്ന് നമുക്ക് മനസ്സിലാകും. അദ്ദേഹത്തിന്റെ പേര് അല്ലാഹു (ത) വിശുദ്ധ ഖുർആനിലൂടെ മഹത്വപ്പെടുത്തിയി രിക്കുന്നു. അദ്ദേഹത്തിന് ഹനീഫ് എന്ന് നാമകരണം ചെയ്യുകയും മുഴു ജനതയുടെയും നേതാവാക്കുകയും ചെയ്തി രിക്കുന്നു. ഇത് ഒരു സാധാരണ യോഗ്യതയാണോ ? അല്ലാഹു, താൻ തന്നെ, പറഞ്ഞിരിക്കുന്നു ഹസ്രത് ഇബ്രാഹീം (അ) മുഴു ജനത്തെയും പ്രതിനിധാനം ചെയ്യുന്നുവെന്ന്. അദ്ദേഹം അല്ലാഹു അല്ലാത്തതിന് ആരാധിക്കുന്നവരിൽ പെട്ടവനുമല്ല എന്ന്. അല്ലാഹുവിന്റെ സ്നേഹ വലയത്തിൽ എത്തിച്ചേരാൻ കാരണമായത് അദ്ദേഹത്തിന്റെ വിശ്വ സ്തത, സമർപ്പണം, ഭക്തി, ആരാധന എന്നിവമൂലമായിരുന്നു.

**ഇബ്രാഹീം (അ) ഇസ്മായിൽ (അ) ത്യാഗത്തിന്റെ പ്രതീകങ്ങൾ**

അതുകൊണ്ട് എല്ലാമായില്ല. അല്ലാഹു (ത) അദ്ദേഹത്തെ പരീക്ഷിച്ചുകൊണ്ടേയിരുന്നു. അല്ലാഹു (ത) അദ്ദേഹത്തിന്റെ നിഷ്കളങ്കതയെ പരീക്ഷിച്ചുകൊണ്ടേയിരുന്നു. നിഷ്കളങ്കതയിൽ സംശയമുണ്ടായിട്ടല്ല. വരും തലമുറകൾക്ക് അദ്ദേഹത്തെ ഒരു മാതൃക പുരുഷനാക്കുവാൻ അല്ലാഹു (ത) ഉദ്ദേശിച്ചു. അങ്ങനെ അല്ലാഹു (ത) നടത്തിയ എല്ലാ ആത്മീയ പരീക്ഷകളും അദ്ദേഹം പാസായി. അങ്ങനെ അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ നിന്ന് അല്ലാഹുവിന്റെ വിശിഷ്ടമായ ഒരു പ്രവാചകനെ ഹസ്രത് ഇബ്രാഹീം (അ) യുടെ ആഗ്രഹ പ്രകാരം അല്ലാഹു പ്രദാനം ചെയ്തു. അങ്ങനെ, ഈ നിലയിൽ, ജനങ്ങളുടെ പ്രാർത്ഥനയിലൂടെ അദ്ദേഹം ഇന്നും ജീവിച്ചിരിക്കുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ പ്രിയ പുത്രൻ ഇസ്മായീൽ (അ) ഉം ചെയ്ത ത്യാഗത്തിന്റെ സ്മാരകമായി അവർ ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു. മഹത്വം നേടുവാൻ വേണ്ടി സമർപ്പിച്ച ത്യാഗമല്ലത്. അല്ലാഹു (ത) യുടെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനം നേടുന്നതിനുവേണ്ടി സമർപ്പിച്ച ത്യാഗമാണത്. ഈ പ്രവൃത്തിയാണ് അദ്ദേഹം ചെയ്തത്, അല്ലാഹുമായി തന്റെ ആത്മാവിന് ഒരു പ്രത്യേക ബന്ധം നേടുന്നതിനായി. അല്ലാഹു (ത) തന്റെ അറിവിനാൽ അറിയുന്നു. ഇബ്രാഹീം (അ) ന് വരും തലംമുറയിൽ എന്ത് സ്ഥാനമായിരിക്കുമുണ്ടാകുന്നതെന്ന്. അല്ലാഹു (ത) അദ്ദേഹത്തെ തന്റെ മകൻ ഇസ്മായിലീലുടെ അനുഗ്രഹിക്കുകയുണ്ടായി. തന്റെ പിതാവിന്റെ അതേ ഗുണം ആ മകൻ ആർജ്ജിക്കുകയുണ്ടായി. തന്റെ പിതാവിനെ പോലെ അദ്ദേഹവും സുരക്ഷിതമായ ഒരു ഹൃദയത്തിന് ഉടമയായി തീരുകയുണ്ടായി. പരിശുദ്ധമായ ഹൃദയം അവർക്ക് ലഭ്യമായതിനാൽ, അവർ ഇരുവരും, ബലി ത്യാഗത്തിന് തയ്യാറായി മുന്നോട്ട് നീങ്ങി. അവർ അത് ചെയ്യുന്നതിന് മുമ്പ് അവരെ ഇരുവരെയും അല്ലാഹു പിൻതിരിപ്പിച്ചു. അവർ ഇരുവരുടെയും അസാധാരണമായ ഉദ്ദേശ ശുദ്ധിയെ, അല്ലാഹുവിന്റെ ഇംഗിതത്തിന് കീഴ്പ്പെടുക എന്നത് അംഗീകരിക്കപ്പെട്ടു. അവരുടെ ബലി അല്ലാഹുവിന് ആവശ്യമില്ലായിരുന്നു. ഇബ്രാഹീം (അ) കണ്ട സ്വപ്നത്തിലൂടെ അദ്ദേഹത്തെ അല്ലാഹു പരീക്ഷിക്കുകയായിരുന്നു. ഇബ്രാഹീം (അ) ആ സ്വപ്നത്തെ മറ്റൊരു രീതിയിലും വ്യാഖ്യാനിക്കുവാൻ തയ്യാറായില്ല. അദ്ദേഹം ഒഴിവു കഴിവുകളൊന്നും നിരത്തിയില്ല. താൻ കണ്ട സ്വപ്നം അതേ രീതിയിൽ പൂർത്തിയാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. കുട്ടിയുടെ സമർപ്പണബോധം അസാധാരണമായിരുന്നു. അതിബുദ്ധിമാൻമാരായ ആളുകളെപ്പോലെ ആ കുട്ടി പ്രതികരിച്ചു. അല്ലാഹുവിന്റെ ഇംഗിതത്തിന്, തന്റെ പിതാവ് ഏതു രീതിയിൽ കണ്ടുവോ അതേ രീതിയിൽ പൂർത്തിയാക്കുവാൻ പിതാവിനോട് ആവശ്യപ്പെടുകയുണ്ടായി. ഞാനതിന് പൂർണ്ണ മനസ്സോടെ സമ്മതിച്ചിരിക്കുന്നുവെന്നും പറയുകയുണ്ടായി.

**അവർ ഇരുവരുടെയും സ്ഥിരചിത്തത, ദൃഢചിത്തത നൂറ്റാണ്ടുകളിലൂടെ ഇന്നും ഉദാഹരണമായി, മാതൃകയായി നിലനിൽക്കുന്നു. നാം ഇന്നും അതിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു. ആ ത്യാഗദിനത്തെ – അസാധാരണ പിതാവും അസാധാരണ പുത്രനും വരിച്ച ത്യാഗത്തെ – ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റിയിരിക്കുന്നു. എല്ലാ വർഷത്തേയും ഹജ്ജിനോടനുബന്ധിച്ച്, ഹാജിമാർ ഹജ്ജ് കർമ്മം അവസാനിപ്പിക്കുന്നത് ഈ മഹത്തായ ത്യാഗപൂർത്തീകരണത്തെ അനുസ്മരിക്കുന്നതിലൂടെയാണ്. അതാണ് ഈദുൽ അദ്ഹ ! സമർപ്പണത്തിന്റെ യഥാർത്ഥ രൂപം, വിശ്വസ്തതയുടെ യഥാർത്ഥ പാഠം, ക്ഷമയുടെ മകുടോദാഹരണം ! വിശ്വാസ സ്ഥിരതയുടെ പ്രതീകം– മുസ്ലീം എന്നു പറയുന്ന ഓരോരുത്തരും ഉൾക്കൊള്ളേണ്ട അമൂല്യ പാഠം.**

ഈദുൽ അദ്ഹ ദിനത്തിൽ ഇതേ വിഷയം ഇൻശാ അല്ലാഹ് ! തുടരുന്നതാണ്. ഈ വിഷയം ഒരിക്കലും സംസാരിച്ചു തീർക്കാവുന്നതല്ല. ഈ രണ്ട് മഹാ പുരോഹിതന്മാർ, ഈ രണ്ട് മഹാ പ്രവാചകന്മാർ യഥാക്രമം ഓരോരുത്തരും കാണിച്ച ത്യാഗത്തിന്റെ മഹത്വം വർണ്ണനാതീതമാണ്.

ഇബ്രാഹീം (അ) ഉം മകൻ ഇസ്മായിൽ (അ) ഉം കാണിച്ച വിശ്വാസ ദാർഢ്യത, ത്യാഗമനസ്ഥിതി നമുക്ക് ഓരോരുത്തർക്കും വെച്ച് പുലർത്തുവാൻ അല്ലാഹു (ത) നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ. അതേ പ്രകാരം നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫ (സ) കാണിച്ച ത്യാഗത്തിന്റെ പാത പൂർണ്ണാർത്ഥത്തിൽ പിന്തുടരുവാൻ നമ്മെ സഹായിക്കട്ടെ ! യഥാർത്ഥ വിജയം പ്രദാനം ചെയ്യുന്ന മകുടോദാഹരണങ്ങളാണ് അവരുടെ ജീവിതം. അതിലൂടെയാണ് ആത്മീയ നിധികുംഭങ്ങളുടെ കലവറ തുറക്കപ്പെടുന്നത് ! ഈ നിധി കലവറ തികച്ചും അല്ലാഹു തന്നെയാണ് ! സർവ്വ ശക്തനായവൻ ! ഇൻശാ അല്ലാഹ് ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


****************